## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 348 — 14/07/2015-ൽ മറുപടിക്ക്

### ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.എം.എ.ബേബി :<br>,, എസ്.രാജേന്ദ്രൻ :<br>,, പുരുഷൻ കടലുണ്ടി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിലെ പ്രക്ഷോഭങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടത് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്.<br><br>ഒത്തുതീർപ്പ് തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണംചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആറളം ഫാമിംങ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. റ്റി.ആർ.ഡി.എമ്മിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് 07.04.2015 ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | ഈ സർക്കരിന്റെ കാലയളവിൽ ഏതെല്ലാം ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരങ്ങളിൽ ഉണ്ടാക്കിയ തീരുമാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നടത്തപ്പെട്ട നിൽപ്പുസമരം അവസാനിപ്പിക്കുന്നതിന് 17.12.2014ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗതീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു. |

R.V.

**സെക്ഷൻ ഓഫീസർ**